എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

12 ആശങ്കാജനകമായും ആശാവഹമായും മിന്നൽ പിണരുകൾ ജ്വലിപ്പിച്ചു കാണിക്കുന്നതും മഴക്കനമുള്ള മേഘങ്ങളുയർത്തുന്നതും അവനാകുന്നു.

هُوَ ٱلَّذِى يُرِيكُمُ ٱلْبَرْقَ خَوْفًا وَطَمَعًا وَيُنشِئُ ٱلسَّحَابَ ٱلثِّقَالَ ﴿١٢﴾

13 ഇടിനാദം അവന്റെ സ്തുതി വാഴ്ത്തുകയാകുന്നു; അവന്റെ തേജസ്സിൽ കമ്പിതരായി മലക്കുകളും. ഇടിവാളുകളയക്കുന്നതും അവൻ തന്നെ. അവനിഛിക്കുന്നവരിൽ, അവർ അല്ലാഹുവിനെ കുറിച്ചു തർക്കിച്ചു കൊണ്ടിരിക്കെത്തന്നെ അതുവന്നു പതിക്കുന്നു. അവന്റെ പ്രവർത്തന തന്ത്രം സുശക്തമാകുന്നു.

وَيُسَبِّحُ ٱلرَّعْدُ بِحَمْدِهِۦ وَٱلْمَلَٰٓئِكَةُ مِنْ خِيفَتِهِۦ وَيُرْسِلُ ٱلصَّوَٰعِقَ فَيُصِيبُ بِهَا مَن يَشَآءُ وَهُمْ يُجَٰدِلُونَ فِى ٱللَّهِ وَهُوَ شَدِيدُ ٱلْمِحَالِ ﴿١٣﴾

14 അവന്റേതു മാത്രമാകുന്നു സത്യസന്ദേശം. അവനെ വെടിഞ്ഞ് അവർ തേടിക്കൊണ്ടിരിക്കുന്നവരുണ്ടല്ലോ, അവയൊന്നും ഇക്കൂട്ടർക്ക് യാതൊരുത്തരവും നൽകുന്നില്ല. വെള്ളം വായിലെത്താൻ വെള്ളത്തിലേക്ക് കൈനീട്ടുക മാത്രം ചെയ്യുന്ന ദാഹാർത്തനെപ്പോലെയാണവരോട് പ്രാർഥിക്കുന്നവൻ. വെള്ളമാകട്ടെ ഒരിക്കലും അങ്ങോട്ടെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ തേട്ടങ്ങൾ മാർഗഭ്രംശത്തിൽ തന്നെയാകുന്നു.

لَهُۥ دَعْوَةُ ٱلْحَقِّ ۖ وَٱلَّذِينَ يَدْعُونَ مِن دُونِهِۦ لَا يَسْتَجِيبُونَ لَهُم بِشَىْءٍ إِلَّا كَبَٰسِطِ كَفَّيْهِ إِلَى ٱلْمَآءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَٰلِغِهِۦ ۚ وَمَا دُعَآءُ ٱلْكَٰفِرِينَ إِلَّا فِى ضَلَٰلٍ ﴿١٤﴾

15 ആകാശ ഭൂമികളിലുള്ളവരൊക്കെയും ഇഛാപൂർവമായും അല്ലാതെയും അല്ലാഹുവിന് പ്രണാമം ചെയ്തുകൊണ്ടിരിക്കുകയാകുന്നു. വിഭാതത്തിലും അപരാഹ്നത്തിലും, അവരുടെ നിഴലുകളും അവന്നു പ്രണാമം ചെയ്യുന്നു.

وَلِلَّهِ يَسْجُدُ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ طَوْعًا وَكَرْهًا وَظِلَٰلُهُم بِٱلْغُدُوِّ وَٱلْءَاصَالِ ۩ ﴿١٥﴾

هُوَ = അവൻ(ആകുന്നു) ٱلَّذِى يُرِيكُمُ = നിങ്ങളെ(ജ്വലിപ്പിച്ചു) കാണിക്കുന്ന(ത്)വൻ ٱلْبَرْقَ = മിന്നൽ പിണരുകൾ

خَوْفًا = (ആശങ്കാജനകമായും) ഭയത്താൽ وَطَمَعًا = (ആശാവഹമായും) ആഗ്രഹത്താലും

وَيُنشِئُ = (ഉയർത്തുന്നതും) അവൻ ഉണ്ടാക്കുന്നു ٱلسَّحَابَ = മേഘത്തെ ٱلثِّقَالَ = (മഴ)ക്കനമുള്ള

وَيُسَبِّحُ = വാഴ്ത്തുകയാകുന്നു ٱلرَّعْدُ = ഇടിനാദം بِحَمْدِهِۦ = അവന്റെ സ്തുതികൊണ്ട് وَٱلْمَلَٰٓئِكَةُ = മലക്കുകളും

مِنْ خِيفَتِهِۦ = (അവന്റെ തേജസ്സിൽ കമ്പിതരായി) ഭയത്താൽ وَيُرْسِلُ = (അയക്കുന്നതും അവൻതന്നെ) അയക്കുന്നു

ٱلصَّوَٰعِقَ = ഇടിവാളുകൾ فَيُصِيبُ بِهَا = (അതുവന്നു പതിക്കുന്നു) അതുകൊണ്ട് അവൻ പ്രാപിക്കുന്നു

مَن يَشَآءُ = അവൻ ഇഛിക്കുന്നവരിൽ وَهُمْ يُجَٰدِلُونَ فِى ٱللَّهِ = (തന്നെ) അവർ അല്ലാഹുവിനെക്കുറിച്ചു തർക്കിച്ചുകൊണ്ടിരിക്കെ

وَهُوَ = അവൻ(ന്റെ) شَدِيدُ ٱلْمِحَالِ = (പ്രവർത്തന)തന്ത്രം(സുശക്തം) കടുത്തവൻ ആകുന്നു لَهُۥ = അവന്റേതു മാത്രമാകുന്നു

دَعْوَةُ ٱلْحَقِّ = സത്യസന്ദേശം وَٱلَّذِينَ يَدْعُونَ = അവർ തേടുന്നവർ(ഉണ്ടല്ലോ) مِن دُونِهِۦ = അവനെ(വെടിഞ്ഞ്) കൂടാതെ

لَا يَسْتَجِيبُونَ = ഉത്തരം നൽകുന്നില്ല لَهُم = അവർക്ക് بِشَىْءٍ = യാതൊന്നും

إِلَّا كَبَٰسِطِ كَفَّيْهِ= തന്റെ രണ്ടു കരം നീട്ടുന്നവനെപ്പോലെയല്ലാതെ(നീട്ടുക മാത്രം ചെയ്യുന്ന ദാഹാർത്തനെ പ്പോലെയാണവരോട് പ്രാർഥിക്കുന്നവൻ)

إِلَى ٱلْمَآءِ= വെള്ളത്തിലേക്ക് لِيَبْلُغَ= അത്(വെള്ളം) എത്താൻ فَاهُ= അവന്റെ വായിലേക്ക് وَمَا هُوَ= അത്(വെള്ളം)അല്ല(ല്ലോ)

بِبَٰلِغِهِۦ= അതിനെ പ്രാപിക്കുന്നത്(അങ്ങോട്ടെത്തുന്നത്) وَمَا دُعَآءُ ٱلْكَٰفِرِينَ= സത്യനിഷേധികളുടെ പ്രാർഥന അല്ല(തന്നെയാകുന്നു)

إِلَّا فِى ضَلَٰلٍ= മാർഗഭ്രംശത്തിൽ(തന്നെ) അല്ലാതെ وَلِلَّهِ يَسْجُدُ= അല്ലാഹുവിന് പ്രണാമം ചെയ്തുകൊണ്ടിരിക്കുകയാകുന്നു

مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ= ആകാശഭൂമികളിലുള്ളവർ(ഒക്കെയും) طَوْعًا= സ്വമേധയാ, ഇഛാപൂർവമായി

وَكَرْهًا= (അല്ലാതെയും) നിർബന്ധിതരായും وَظِلَٰلُهُم= അവരുടെ നിഴലുകൾ

بِٱلْغُدُوِّ= വിഭാതത്തിൽ وَٱلْءَاصَالِ= അപരാഹ്നത്തിലും(അവന്നു പ്രണാമം ചെയ്യുന്നു)

**12,13:** ശിക്ഷയും ദൃഷ്ടാന്തവും ആവശ്യപ്പെട്ട അവിശ്വാസികൾക്കുള്ള മറുപടിയുടെ ഭാഗമായി സാധാരണ കാണപ്പെടുന്ന ചില പ്രതിഭാസങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണീ സൂക്തങ്ങൾ. സാരമിതാണ്: ദൃഷ്ടാന്തങ്ങൾ തേടുന്നവർക്ക് തങ്ങൾക്ക് ചുറ്റും തന്നെ വേണ്ടുവോളം അതു കാണാവുന്നതാണ്. കണ്ണഞ്ചിക്കുന്ന മിന്നൽ പിണരുകളെക്കുറിച്ചാലോചിച്ചു നോക്കുക. ആരാണതു ജ്വലിപ്പിച്ചു കാണിക്കുന്നത്? അല്ലാഹുവല്ലാതെ മറ്റാരുമല്ല. നിങ്ങളാവശ്യപ്പെടുന്ന അത്ഭുതം ആ പ്രതിഭാസത്തിൽ തന്നെയുണ്ട്. ശിക്ഷയും രക്ഷയും ഒന്നിച്ചുൾക്കൊള്ളുന്നതാണത്. ജീവദായകമായ വൃഷ്ടിയുടെ മുന്നറിയിപ്പെന്ന നിലയിൽ ഇടിയും മിന്നലും മനുഷ്യരെ സന്തുഷ്ടരും ശുഭ പ്രതീക്ഷാനിർഭരരുമാക്കുന്നു. അതോടൊപ്പം ഇടിവെട്ടേറ്റ് ജീവഹാനി സംഭവിക്കുന്നതും തോട്ടങ്ങൾ നശിക്കുന്നതും ഭയപ്പെടുകയും ചെയ്യുന്നു. മഴമേഘങ്ങളുടെ ആഗമനത്തിൽ കർഷകന്റെ കരൾ കുളിരണിയുമ്പോൾ ഇഷ്ടികക്കളക്കാരന്റെ കരളിൽ തീയാളുകയാണ്. എന്നാൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മഴ രണ്ടു കൂട്ടർക്കും അനുഗ്രഹമാകുന്നു. ജീവദായകമായ ഇതേ മഴതന്നെയാണ് ചിലപ്പോൾ സർവനാശകമായ പ്രളയമായി മാറുന്നതും. ഇതൊക്കെയും അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണ് സംഭവിക്കുന്നത്.

പ്രാപഞ്ചിക വസ്തുക്കളുടെ ചലനങ്ങൾ അവ സ്വയം നിശ്ചയിക്കുന്നതല്ല. അല്ലാഹു നിശ്ചയിച്ച പ്രകാരം മാത്രമാണവ ചലിക്കുന്നത്. മനുഷ്യനും ജിന്നും ഒഴിച്ചുള്ള പദാർഥങ്ങൾക്കൊന്നും ഇഛാശക്തിയും സ്വയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമില്ല. അവയുടെ ഓരോ ചലനവും അല്ലാഹുവിനുള്ള അനുസരണവും ആരാധനയുമാകുന്നു. ഇടിനാദം അല്ലാഹുവിന്റെ സ്തുതികീർത്തനം ചെയ്യുകയാണ്. പ്രകൃതി പ്രതിഭാസങ്ങൾ മാത്രമല്ല, പ്രകൃത്യാതീത പ്രതിഭാസമായ മലക്കുകളും ഇതുപോലെ ഭയഭക്തിയോടെ അവനെ പ്രകീർത്തനം ചെയ്യുന്നുണ്ട്. ഇക്കാര്യം ഖുർആൻ മറ്റുപല സ്ഥലങ്ങളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. ഉദാ:

تُسَبِّحُ لَهُ ٱلسَّمَٰوَٰتُ ٱلسَّبْعُ وَٱلْأَرْضُ وَمَن فِيهِنَّ ۚ وَإِن مِّن شَىْءٍ إِلَّا يُسَبِّحُ بِحَمْدِهِۦ وَلَٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ ۗ إِنَّهُۥ كَانَ حَلِيمًا غَفُورًا ﴿٤٤﴾

(സപ്ത വാനങ്ങളും ഭൂമിയും അതിലുള്ളതൊക്കെയും അവന്റെ വിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുന്നു. അവനെ വാഴ്ത്തിക്കൊണ്ടല്ലാതെ യാതൊരുവസ്തുവുമില്ല. പക്ഷേ, അവരുടെ വാഴ്ത്തൽ നിങ്ങൾ അറിയുന്നില്ല. നിശ്ചയം അവൻ കനിവുള്ളവനും ഏറെ പൊറുക്കുന്നവനുമാകുന്നു - 17:44).

ഈ സൂറയുടെ 15-ാം സൂക്തത്തിൽ പറയുന്നു: وَلِلَّهِ يَسْجُدُ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ طَوْعًا وَكَرْهًا (ആകാശഭൂമികളിലുള്ളതൊക്കെയും ഇഛാപൂർവമോ അല്ലാതെയോ അല്ലാഹുവിന് പ്രണാമം ചെയ്തുകൊണ്ടിരിക്കുന്നു). അവിശ്വാസിയും ദൈവനിഷേധിയുമായ മനുഷ്യൻ പോലും അവരറിയാതെ അല്ലാഹുവിനെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യാവയവങ്ങൾക്കെല്ലാം പ്രവർത്തനശേഷി നൽകിയതും അവകൊണ്ട് നിർവഹിക്കേണ്ട ധർമം നിശ്ചയിച്ചതും അല്ലാഹുവാണ്. അവൻ നിശ്ചയിച്ച ധർമത്തിൽനിന്ന് വ്യതിചലിക്കാൻ ഒരവയവത്തിനും സാധ്യമല്ല. കാലുകൊണ്ട് പിടിക്കാനോ കൈകൊണ്ട് നടക്കാനോ മനുഷ്യന്നാവില്ല. കണ്ണുകൊണ്ട് കേൾക്കാനും കാതുകൊണ്ട് കാണാനും കഴിയില്ല. മസ്തിഷ്കത്തിന്റെ ദൗത്യം കരളുകൊണ്ട് നിർവഹിക്കുക അസാധ്യമാണ്. ഇങ്ങനെ നോക്കിയാൽ നാസ്തികൻ ദൈവത്തെ നിഷേധിക്കുന്നതുപോലും ദൈവിക നിയമങ്ങൾക്ക് വിധേയമായിട്ടാണെന്നു കാണാം. മനുഷ്യനിലെ സ്വതന്ത്ര ഘടകങ്ങളും അസ്വതന്ത്ര ഘടകങ്ങളും തമ്മിൽ താരതമ്യം ചെയ്താൽ വളരെ കൂടുതലുണ്ടാവുക അസ്വതന്ത്ര ഘടകങ്ങളാണ്. സ്വന്തം അവയവങ്ങളുടെ ഘടനയിലോ ധർമത്തിലോ അവന് ഒരു സ്വാതന്ത്ര്യവുമില്ല. അവയുടെ പ്രവർത്തനത്തിന്റെ ലക്ഷ്യം നിർണയിക്കുന്നതിലേ സ്വാതന്ത്ര്യമുള്ളൂ. കാലിന്റെ കോലം മാറ്റാനോ നടക്കുക എന്ന അതിന്റെ ധർമം കൈകളിലേക്ക് മാറ്റാനോ അവന്ന് സ്വാതന്ത്ര്യമില്ല. നടത്തത്തിന്റെ ലക്ഷ്യം മസ്ജിദാവണോ മദ്യഷാപ്പാവണോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമാണവനുള്ളത്. ഈ സ്വാതന്ത്ര്യത്തെ സന്മാർഗദർശനം ചെയ്യാനാണ് പ്രവാചകന്മാരും വേദപ്രമാണങ്ങളും ആഗതമായിട്ടുള്ളത്.

يُسَبِّحُ ٱلرَّعْدُ بِحَمْدِهِۦ എന്ന വാക്യത്തിലെ بِحَمْدِهِۦ എന്നത് يسبح എന്ന ക്രിയയുടെ കർമമാവാം. ഇടിനാദം അവന്റെ സ്തുതിയെ-സദ്ഗുണങ്ങളെ- പ്രകീർത്തിക്കുകയാണ് എന്നാകും അപ്പോൾ സാരം. بِحَمْدِهِۦ യുടെ അർഥം അവനെ സ്തുതിക്കുന്നതോടൊപ്പം എന്നുമാകാം. അപ്പോൾ വിവക്ഷ, അവന്റെ സദ്ഗുണങ്ങളെ സ്തുതിക്കുന്നതോടൊപ്പം അവന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു എന്നാകും. تسبيح ൽ അല്ലാഹുവിന്റെ പരിശുദ്ധി സമ്മതിക്കുന്നതിനും تحميد ൽ അവന്റെ സൽഗുണങ്ങൾ സമ്മതിക്കുന്നതിനുമാണ് മുൻതൂക്കം.

വെള്ളത്തിലൂടെയുള്ള ദ്രുതപ്രയാണം അഥവാ നീന്തൽ എന്നർഥമുള്ള سَبْح ൽ നിന്നുൽഭവിച്ച പദമാണ് تسبيح. ജപം, ഭജന, കീർത്തനം, ഗീതം എന്നീ അർഥങ്ങളിലാണ് ഇതിന്റെ സാധാരണ ഉപയോഗം. ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം ദൈവസ്മരണയിലൂടെയുള്ള നീന്തലാകുന്നു എന്നതാണീ പദപ്രയോഗത്തിന്നാധാരം. 'തസ്ബീഹിന്' ദീനീ പണ്ഡിതന്മാർ നൽകിയിട്ടുള്ള അർഥം ദൈവദാസ്യത്തിലൂടെയുള്ള ദ്രുതപ്രയാണം المرّ السريع فى عبادة الله എന്നാകുന്നു. മനസാ വാചാ കർമണാ ഉള്ള എല്ലാ ഇബാദത്തു

കളും تسبيح ൽ പെടുന്നു. ഇടിമിന്നലും ആകാശ ഭൂമികളിലുള്ള ഇതര ചരാചരങ്ങളും അല്ലാഹുവിന് تسبيح ചെയ്തുകൊണ്ടിരിക്കുന്നു എന്നതിന്റെ താൽപര്യം, മനസാ- കർമണാ അല്ലാഹുവിന് ദാസ്യപ്പെട്ട്, അവന്റെ നിയമങ്ങളനുസരിച്ചു വാഴുന്നു എന്നാകുന്നു.

ഈ സൂക്തത്തിൽ പ്രപഞ്ചത്തിന്റെ തസ്ബീഹ് അനുസ്മരിച്ചതിന്റെ ധ്വനി ഇതാണ്. ഇക്കൂട്ടർ ഇവിടെ ശിക്ഷ തേടുമ്പോൾ ഇടിനാദം മുതൽ മലക്കുകൾ വരെ സകല ചരാചരങ്ങളും അല്ലാഹുവിനെ ഭയഭക്തിയോടെ ആരാധിച്ചുകൊണ്ടിരിക്കുകയാണ്. അവൻ എപ്പോൾ എന്തുവിധിക്കുമെന്ന് ആർക്കുമറിഞ്ഞുകൂടാ. അവനുദ്ദേശിക്കുന്നവർക്ക് മഴ അനുഗൃഹീതമായി ഭവിക്കുന്നു. ഉദ്ദേശിക്കുന്നവർക്ക് വിനാശകരമായും ഭവിക്കുന്നു. ആളുകൾ അല്ലാഹുവിനെ കുറിച്ചു തർക്കിച്ചുകൊണ്ടിരിക്കെ തന്നെയായിരിക്കും ചിലപ്പോൾ ഇത്തരം ശിക്ഷകൾ അവരുടെ മേൽ വന്നു പതിക്കുന്നത്. അല്ലാഹുവിന്റെ പ്രവർത്തന രീതി അതീവ ഭദ്രമാണ്. ആരാലും അതു പ്രതിരോധിക്കാനാവില്ല.

يُسَبِّحُ ٱلرَّعۡدُ بِحَمۡدِهِۦ എന്നതിനുശേഷം ചില പദങ്ങൾ അനുക്തമായിട്ടുണ്ട്. يسبح الرّعد بحمده من خيفته و الملائكة تسبح بحمده من خيفته എന്നാണ് പൂർണരൂപം. പദങ്ങൾ പറയാതെ തന്നെ അർഥം സ്പഷ്ടമാകുന്നതുകൊണ്ടാണ് ഈ അനുക്തി. خوف ന്റെ മറ്റൊരു രൂപമാണ് خيفة. മൗലികമായ അർഥം ഭയമാണ്. ഭക്തി, ഗാംഭീര്യം, പ്രഭാവം, പ്രൗഢി തുടങ്ങിയ ആശയങ്ങളിലും പ്രയോഗിക്കും. ഇവിടെ ഉദ്ദേശ്യം ഈ പ്രയോഗാർഥങ്ങളാണെന്ന് ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. അചേതന വസ്തുക്കളും മലക്കുകളും, അല്ലാഹുവിനെ ധിക്കരിക്കാത്തവരും ധിക്കരിക്കാൻ കഴിയാത്തവരുമാണ്. അവർക്ക് അല്ലാഹുവിനെ ഭയപ്പെടേണ്ട കാര്യമില്ല. എന്നാൽ അത്യന്തം ഗാംഭീര്യവും പ്രൗഢിയുമുള്ള അസ്തിത്വം -അതു നമ്മെ ശിക്ഷിക്കുകയോ ദ്രോഹിക്കുകയോ ചെയ്യുകയില്ലെങ്കിലും- നമ്മിൽ അനിർവചനീയമായ ഭയഭക്തി ബഹുമാനങ്ങൾ ജനിപ്പിക്കും. ആ അവസ്ഥയെയാണ് ഇവിടെ مِنۡ خِيفَتِهِۦ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്.

ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്ന മറ്റൊരു പ്രധാന തത്ത്വം ഇതാണ്. പ്രകൃതിയുടെ വികൃതി, പ്രകൃതിക്ഷോഭം എന്നൊക്കെ നാം പറയുന്നത് യഥാർഥത്തിൽ അസ്ഥാനത്താണ്. പ്രകൃതി സ്വന്തം നിലയിൽ ക്ഷോഭിക്കുകയോ വികൃതി കാണിക്കുകയോ ഒന്നും ചെയ്യുന്നില്ല. പ്രകൃതിക്ക് അല്ലാഹു ഒരു താളം നിശ്ചയിച്ചിട്ടുണ്ട്. ആ താളത്തിൽ അതു ചലിച്ചുകൊണ്ടിരിക്കുന്നു. കാറ്റിനെ ശകാരിക്കരുതെന്ന് പ്രവാചകൻ(സ) ഉപദേശിച്ചതിന്റെ പൊരുളിതാണ്. വാസ്തവത്തിൽ മനുഷ്യന്റെ വികൃതികളാണ് പ്രകൃതിയുടെ താളം തെറ്റിക്കുന്നതും പ്രവർത്തനത്തെ കലുഷമാക്കുന്നതും. ഇടിമിന്നൽ, അതിവൃഷ്ടി, അനാവൃഷ്ടി പോലുള്ള പ്രതിഭാസങ്ങൾ മനുഷ്യന്റെ ഇടപെടലില്ലാതെയും ഉണ്ടാകും. അതു പ്രകൃതിയുടെ താളഭംഗമല്ല. താളത്തിന്റെ ഭാഗം തന്നെയാണ്. മനുഷ്യരെ സംബന്ധിച്ചേടത്തോളം ഏറ്റം വലിയ വിപത്താണല്ലോ മരണം. ചിലപ്പോൾ മനുഷ്യന്റെ തെറ്റായ ഇടപെടലിലൂടെ അതു സംഭവിക്കുന്നു. ആരും ഇടപെട്ടില്ലെങ്കിലും മരണം സംഭവിച്ചുകൊണ്ടിരിക്കും. ജനി മൃതികൾ പ്രകൃതിയുടെ താളത്തിൽ പെട്ടതാണ്.

صاعقة ന്റെ ബഹുവചനമാണ് صواعق. മിന്നലോടു കൂടിയ ഇടിയാണത്. وَهُمۡ يُجَٰدِلُونَ فِي ٱللَّهِ അവർ അല്ലാഹുവിനെക്കുറിച്ചു തർക്കിച്ചു കൊണ്ടിരിക്കെ എന്നു പറഞ്ഞത് സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തെ അടയാളപ്പെടുത്തുന്നതായി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. മുശ്‌രിക്കുകളും ചില യഹൂദരും അല്ലാഹുവിനെ കുറിച്ച് അവന്റെ സത്തയെന്ത്, വംശമേത്, കോലമെങ്ങനെ എന്നൊക്കെ- പ്രവാചകനോട് ധാരാളം തർക്കങ്ങളുന്നയിച്ചുകൊണ്ടിരുന്ന കാലത്താണ് സൂക്തം അവതരിച്ചത്. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ത്വബ്‌രി ഉദ്ധരിക്കുന്നു: "ആമിറുബ്നിൻ തുഫൈലിന്റെയും അർബദ് ബിൻ റബീഅയുടെയും പ്രശ്നത്തിലാണ് ഈ സൂക്തം അവതരിച്ചത്. മദീനയിലെത്തിയ അവർ ഇസ്‌ലാം സ്വീകരിക്കാൻ ചില ഉപാധികളുന്നയിച്ചു. നബി(സ) അത് അംഗീകരിച്ചില്ല. അതിനാൽ അർബദ് തിരുമേനിയെ വധിക്കാൻ തുനിഞ്ഞു. പക്ഷേ, അല്ലാഹു അയാളെ തെറ്റിച്ചുകളഞ്ഞു. തുടർന്ന് ആമിറുബ്നിൻ തുഫൈലും അർബദും അവിടെ നിന്നു തിരിച്ചുപോയി. തങ്ങൾ സ്വന്തം ഗോത്രങ്ങളിൽ ചെന്ന് ഒരു കുതിരപ്പട സംഘടിപ്പിച്ച് പ്രവാചകനെ അക്രമിക്കാൻ വീണ്ടും വരുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടാണവർ പോയത്. വഴിവക്ക് വെച്ച് അർബദ് ഇടിവെട്ടേറ്റു മരിച്ചു. രോഗം ബാധിച്ച്, നാട്ടിലെത്തും മുമ്പ് ഗുദ്ദഃ എന്ന സ്ഥലത്തു വെച്ച് ആമിറും മരിച്ചു." ഈ നിവേദനം ശരിയാവണമെങ്കിൽ *അർറഅ്ദ്* മദനീ സൂറയായിരിക്കണം. ചുരുങ്ങിയ പക്ഷം അതിലെ ഈ സൂക്തമെങ്കിലും മദീനയിലവതരിച്ചതാകണം. പക്ഷേ, സൂറ മക്കീ ആണെന്നത് ഏറക്കുറെ സ്ഥിരപ്പെട്ട കാര്യമാണ്. ഈ സൂക്തത്തിന്റെ അവതരണകാരണമായി ഉദ്ധരിക്കപ്പെടുന്ന നിവേദനങ്ങളിൽ സ്ഥിരപ്പെട്ടത് ഒറ്റയെണ്ണവുമില്ലെന്ന് ഇബ്നു ആശൂർ തന്റെ തഫ്സീറിൽ പ്രസ്താവിച്ചിരിക്കുന്നു.

مَحْل (തന്ത്രം പ്രവർത്തിച്ചു)യുടെ ക്രിയാനാമമായിട്ടാണ് محال നെ ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ കണ്ടിട്ടുള്ളത്. അവിശ്വാസികളുടെ വിതണ്ഡവാദങ്ങൾ ഇസ്‌ലാമിനെ തിരസ്കരിക്കാനുള്ള തന്ത്രം മാത്രമായിരുന്നുവെന്നും അത്തരം തന്ത്രങ്ങൾ അവരെക്കാൾ അറിയുന്നവനാണ് അല്ലാഹുവെന്നുമാണ് وَهُمۡ يُجَٰدِلُونَ فِي ٱللَّهِ ക്കുശേഷം وَهُوَ شَدِيدُ ٱلۡمِحَالِ എന്ന പരാമർശത്തിന്റെ ധ്വനി. محال ന്റെ ക്രിയാ രൂപം ماحل (തർക്കിച്ചു) ആണെന്നും ഈ കുതർക്കികളെക്കാളെല്ലാം വലിയ തർക്കജ്ഞനാണ് അല്ലാഹുവെന്നുമാണ് വചനതാൽപര്യമെന്നും ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. محال ലെ ميم അധികാക്ഷരമാണെന്നും ഒരഭിപ്രായമുണ്ട്. ശക്തി എന്നർഥമുള്ള حَوْل ന്റെ مفعَل രൂപമാണ് അപ്പോൾ محال. അത്യധികം ശക്തിയുള്ളവനാണ് شَدِيدُ ٱلۡمِحَالِ.

**14:** دَعۡوَةُ ٱلۡحَقِّ നെയാണ് സത്യസന്ദേശം എന്ന് തർജമ ചെയ്തിട്ടുള്ളത്. ക്ഷണം, പ്രാർഥന, തേട്ടം, പ്രബോധനം, സന്ദേശം എന്നീ അർഥങ്ങളിലെല്ലാം دَعۡوَةُ ഉപയോഗിക്കും. അവന്റേതു മാത്രം എന്ന അർഥം ലഭിക്കുന്നതിനാണ് لَهُۥ ആദ്യം പറഞ്ഞത്. സത്യസന്ദേശം കൊണ്ടുദ്ദേശ്യം ഇസ്‌ലാമിക സന്ദേശമാണ്. لا اله الا الله എന്ന ഏകദൈവസിദ്ധാന്തം(കലിമത്തുത്തൗഹീദ്) ആണെന്നും ചിലർ പറയുന്നു. രണ്ടും സാരാംശത്തിൽ ഒന്നുതന്നെയാണ്. 14 മുതൽ 16 കൂടി സൂക്തങ്ങൾ സംസാരിക്കുന്നത് അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചാണ്. അല്ലാഹു മാത്രമേ മനുഷ്യർക്ക് അവരുടെ ജീവിത ധർമത്തെ സംബന്ധിച്ച സത്യസന്ദേശം നൽകുന്നുള്ളൂ. അവനുമാത്രമേ അതിനു കഴിയൂ. തന്റെ വേദപുസ്തകങ്ങളിലൂടെയും പ്രവാചകന്മാരിലൂടെയും അവൻ അവതരിപ്പിച്ചു കൊണ്ടിരിക്കുന്നത് ഈ സത്യസന്ദേശമാണ്. സാക്ഷാൽ അല്ലാഹുവിനോടല്ലാതെ മറ്റാരോട് തേടിയാലും മനുഷ്യന് സത്യജ്ഞാനം ലഭിക്കുകയില്ല. അവനല്ലാത്ത ആരുടെയും കൈവശം അതില്ല. അല്ലാഹുവല്ലാത്തവരോട് ആധ്യാത്മിക-ധാർമിക ആദർശങ്ങൾ തേടുന്നത് ദാഹാർത്തൻ തനിക്ക് എത്തിച്ചേരാനാവാത്ത ജലത്തിലേക്ക് വെറുതെ കൈ നീട്ടിയിട്ട്

അത് വായിലെത്തുമെന്നാശിക്കുന്നതുപോലെയാണ്. യഥാർഥ ജലത്തിൽ കൈയിട്ടു കോരിയെടുത്താലേ വെള്ളം കിട്ടൂ. അതുപോലെ സത്യജ്ഞാനത്തിന്റെ യഥാർഥ സ്രോതസ്സായ അല്ലാഹുവിനോട് തേടിയാലേ സത്യസന്ദേശം ലഭിക്കൂ. അവനല്ലാത്തവരോട് തേടിയാൽ ലഭിക്കുന്നത് അസത്യവും മിഥ്യയും മാത്രമായിരിക്കും. അവിദ്യയും മിഥ്യാഭ്രമങ്ങളും മൂലം ആളുകൾ അതൊക്കെ സത്യമെന്നു വിശ്വസിക്കുന്നു. പക്ഷേ, സത്യവിശ്വാസം ചെലുത്തേണ്ട ഒരു സ്വാധീനവും അതവരുടെ ജീവിതത്തിൽ ചെലുത്തുകയില്ല. കാലാന്തരത്തിൽ തങ്ങളുടെ ആദർശവിശ്വാസങ്ങൾ അബദ്ധമാണെന്ന് അവർക്ക് ബോധ്യമാകും. അപ്പോഴേക്കും ആ വിശ്വാസങ്ങളും ആദർശങ്ങളും ചോദ്യം ചെയ്യലുകൾക്കതീതമാം വണ്ണം പാവനവും പവിത്രവും, എന്തു വിലകൊടുത്തും സംരക്ഷിക്കേണ്ട മഹിതപാരമ്പര്യവുമൊക്കെയായി മാറിയിരിക്കും. ശബരിമലയിലെ മകരവിളക്ക് ഒരുദാഹരണമാണ്. അതിന്റെ വസ്തുത പകൽ വെളിച്ചം പോലെ തെളിഞ്ഞിട്ടും ദൈവവിശ്വാസമില്ലാത്തവരുടേതെന്നവകാശപ്പെടുന്ന സർക്കാർ പോലും അതിലിടപെടാൻ ധൈര്യപ്പെടുന്നില്ല. ആധ്യാത്മീയ സ്വഭാവമില്ലാത്ത മതേതര മിഥ്യാദർശനങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. വളരെക്കാലം സത്യമെന്ന് വാദിച്ച് ആചരിച്ചുവന്ന ആദർശങ്ങളുടെ വക്താക്കൾക്ക് പിന്നീടതു കൈയൊഴിയുക എളുപ്പമല്ല. തങ്ങളുടെ ജനവിശ്വാസം, പാർട്ടി താൽപര്യങ്ങൾ, നേതൃത്വത്തിന്റെ നിലനിൽപ് തുടങ്ങി ഒട്ടേറെ പ്രതിബന്ധങ്ങളുയർന്നുവരും. ഇങ്ങനെ ആദർശപരമായി മരിച്ചു കഴിഞ്ഞ എത്രയോ ആദർശങ്ങളും പ്രസ്ഥാനങ്ങളും നമുക്കിടയിൽ പ്രവർത്തിക്കുന്നുണ്ട്. നിലനിൽപിനുവേണ്ടി, പ്രഖ്യാപിതാദർശങ്ങൾക്ക് തികച്ചും വിരുദ്ധമായ കർമരീതികൾ സ്വീകരിക്കുകയാണവർ ചെയ്തുവരുന്നത്. സത്യം നിഷേധിച്ചവരുടെ സന്ദേശം മാർഗഭ്രംശത്തിലല്ലാതെ മറ്റെവിടെയും എത്തുകയില്ല وَمَا دُعَاءُ ٱلْكَـٰفِرِينَ إِلَّا فِى ضَلَـٰلٍ എന്ന പ്രസ്താവനയുടെ പ്രത്യക്ഷ തെളിവുകളാണവ.

ഈ സൂക്തത്തിലെ دَعْوَةُ നെയും دعاء നെയും പ്രാർഥന എന്ന അർഥത്തിലെടുത്ത പണ്ഡിതന്മാരുടെ വ്യാഖ്യാനം ഇപ്രകാരമാകുന്നു: ഉത്തരം ലഭിക്കുന്ന യഥാർഥ പ്രാർഥന അല്ലാഹുവിനോടുള്ള പ്രാർഥന മാത്രമാകുന്നു. അല്ലാഹുവിനെ വെടിഞ്ഞ ബഹുദൈവാരാധകർ വിളിച്ചു പ്രാർഥിക്കുന്ന ദൈവേതരശക്തികൾക്കും വിഗ്രഹങ്ങൾക്കും അവരുടെ പ്രാർഥികൾക്ക് യാതൊരു ഉത്തരവും നൽകാനാവില്ല. വെള്ളത്തിനു നേരെ കൈ നീട്ടിയിട്ട് അത് വായിലെത്തണമെന്ന് ആഗ്രഹിക്കുന്നതു പോലെയാണത്. ദാഹിക്കുന്നവരുടെ വായിൽ വെള്ളം സ്വയം എത്തുകയില്ലല്ലോ. ഈ സത്യം സമ്മതിക്കാത്തവരുടെ പ്രാർഥനകൾ തികച്ചും കെട്ട വഴിയിലാകുന്നു.

استجاب യുടെ ഭാവികാല ബഹുവചനമാണ് يستجيبون. ഉത്തരം നൽകലാണ് ഭാഷാർഥത്തിൽ استجابة. പ്രാർഥനയുമായി ബന്ധിപ്പിക്കുമ്പോൾ استجابة കൊണ്ടുദ്ദേശ്യം പ്രാർഥന കേൾക്കലും പ്രാർഥിച്ച കാര്യം സഫലമാക്കിക്കൊടുക്കലുമാകുന്നു.

**15:** മുകളിൽ പറഞ്ഞ ഏകദൈവാദർശത്തെ പ്രപഞ്ചം മുഴുവൻ സാക്ഷ്യപ്പെടുത്തുന്നതായി ചൂണ്ടിക്കാണിക്കുകയാണീ സൂക്തം. സാരമിതാണ്: എല്ലാ ചരാചരങ്ങളും അവയുടെ മൗലികമായ അസ്തിത്വത്തിൽ ഏകദൈവത്തിനുമാത്രം വിധേയമായും അനുസരിച്ചും വാഴുന്നു. അൽപസ്വൽപം സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളവർ അത് ദുരുപയോഗം ചെയ്ത് അഹങ്കരിക്കുന്നുണ്ടെങ്കിൽ അവരും സ്വന്തം അസ്തിത്വത്തിന്റെ നിലനിൽപിന് അല്ലാഹുവിന്റെ മുന്നിൽ പ്രണാമം ചെയ്യാൻ നിർബന്ധിതരാകുന്നു. നമ്മുടെ അസ്തിത്വം പ്രകൃത്യാ അല്ലാഹുവിന് വിധേയമാകുന്നു എന്നതിന്റെ സാക്ഷ്യമാണിത്. അല്ലാഹുവിനെ ധിക്കരിക്കുമ്പോൾ യഥാർഥത്തിൽ നാം ചെയ്യുന്നത് നമ്മുടെ മൗലിക പ്രകൃതിയെ അതിക്രമിക്കുകയാണ്. ഈ യാഥാർഥ്യം സ്പഷ്ടമാക്കുന്ന ഒരുദാഹരണമാണ് നിഴലുകൾ. ഓരോ വസ്തുവിന്റെയും നിഴൽ രാവിലെയും വൈകിയിട്ടും അല്ലാഹുവിന്റെ മുമ്പിൽ പ്രണാമം ചെയ്യുന്നു. രാത്രിയിൽ അത് തന്റെ സൃഷ്ടിപരമായ പ്രണാമത്തിൽ നിന്ന് ശിരസ്സുയർത്തുന്നേയില്ല. പ്രഭാതത്തിൽ ക്രമേണ തലയുയർത്തുന്നു. മധ്യാഹ്നം പിന്നിടുന്നതോടെ വീണ്ടും പ്രണാമാവസ്ഥയിലേക്ക് നീങ്ങിത്തുടങ്ങുന്നു. ഈ വിഷയം സൂറ *അന്നഹ്ൽ* 48,49 സൂക്തങ്ങളിലും സൂറ *അൽഫുർഖാൻ* 45-ാം സൂക്തത്തിലും ചർച്ച ചെയ്യുന്നുണ്ട്. കൂടുതൽ വിശദീകരണം ഇൻശാ അല്ലാഹ് അവിടെ വായിക്കാം. താർക്കികമായി നോക്കിയാൽ മനസ്സിലാക്കാൻ പ്രയാസമുള്ള പ്രത്യേകതരം ദൃഷ്ടാന്തങ്ങളാണിത്. എന്നാൽ പ്രകൃതിയുടെ കോണിലൂടെ നോക്കിയാൽ അവ ഏറെ പ്രാധാന്യമർഹിക്കുന്നുവെന്നും കാണാം.

സുജൂദിന്റെ ഭാഷാർഥം സാഷ്ടാംഗ പ്രണാമമാണ്. ആരാധനയുടെ ആത്യന്തിക രൂപം എന്ന നിലയിലാണ് ഖുർആൻ പൊതുവിൽ സുജൂദ് ഉപയോഗിക്കുന്നത്. ആകാശഭൂമികളിലുള്ളതൊക്കെയും അല്ലാഹുവിന്ന് സുജൂദ് ചെയ്യുന്നു എന്നതിന് എല്ലാ വസ്തുക്കളും അക്ഷരാർഥത്തിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു എന്നല്ല താൽപര്യം, പ്രത്യുത എല്ലാ വസ്തുക്കളും പരമമായി അല്ലാഹുവിന് വിധേയമായിരിക്കുന്നു, നിരന്തരം അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു, അഥവാ അവന് ഇബാദത്ത് ചെയ്യുന്നു എന്നാണ്. ■